ഹദീസ്

ഹാഫിസ് ബശീർ ഈരാറ്റുപേട്ട

# പ്രബോധനത്തിൽനിന്ന് ഒളിച്ചോടുന്നവനല്ല മുസ്‌ലിം

عَنْ أَبِي بَكَرَة عَن الرسُول صَلى اللهُ عَلَيْهِ وَسَلم قَالَ أَلَا هَلْ بَلَّغْتُ؟ قُلْنَا: نَعَمْ.
قَالَ: اللَّهُمَّ اشْهَدْ، فَلْيُبَلِّغِ الشَّاهِدُ الْغَائِبَ؛ فَإِنَّهُ رُبَّ مُبَلَّغٍ يُبَلِّغُهُ مَنْ هُوَ أَوْعَى لَهُ

**അബൂബകറയിൽനിന്ന്. റസൂൽ (സ) (ഹജ്ജ് വേളയിൽ നടത്തിയ പ്രസംഗത്തിൽ) ചോദിച്ചു: 'ഞാൻ നിങ്ങൾക്ക് (അല്ലാഹുവിന്റെ നിയമങ്ങൾ) എത്തിച്ചു തന്നിട്ടില്ലേ?' (സ്വഹാബികൾ) പറഞ്ഞു: 'അതേ. അങ്ങ് എത്തിച്ചു തന്നിട്ടുണ്ട്.' റസൂൽ (സ) അരുളി: 'അല്ലാഹുവേ (ഇവരുടെ ഈ സമ്മതത്തിന്) നീ സാക്ഷിയാവേണമേ.' തുടർന്ന് അരുളി: 'ഇവിടെ ഹാജറുള്ളവർ ഇവിടെ ഇല്ലാത്തവർക്ക് ഈ സന്ദേശം എത്തിച്ചുകൊടുക്കുക. കാരണം എത്തിച്ചുകൊടുക്കുന്നവരേക്കാളും അതവരിൽനിന്ന് കേൾക്കുന്നവരാകാം ആ സന്ദേശം കൂടുതൽ ഉൾക്കൊള്ളുന്നവർ' (ബുഖാരി).**

ഇസ്‌ലാം വളരെയധികം പ്രാധാന്യം നൽകുന്ന വിഷയമാണ് പ്രബോധനം. ഇസ്‌ലാം എന്ന സത്യമതത്തെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുത്ത് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക എന്നതാണ് പ്രബോധനം അഥവാ ദഅ്‌വത്ത്. സത്യവിശ്വാസിയായ ഓരോ മനുഷ്യന്റെയും നിർബന്ധ ബാധ്യതയാണ് ദഅ്‌വത്ത്. വിശുദ്ധ ഖുർആൻ നൽകിയ പ്രബോധന മാർഗനിർദേശങ്ങളുടെ പ്രാവർത്തിക രൂപം കാണിച്ചുതന്നത് നബി (സ) തന്റെ ജീവിതത്തിലൂടെയായിരുന്നു. ജീവിക്കുന്ന ഖുർആൻ, സഞ്ചരിക്കുന്ന ഖുർആൻ എന്നെല്ലാം നബി (സ) വിശേഷിപ്പിക്കപ്പെട്ടിരുന്നല്ലോ. സ്വന്തം ജീവിതം കൊണ്ടാണ് റസൂൽ തിരുമേനി (സ) ജനങ്ങളെ ഇസ്‌ലാം പഠിപ്പിച്ചതും ആളുകളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചതും.

പ്രബോധനകാര്യത്തിൽ എല്ലായ്പ്പോഴും അവിടുന്ന് ജാഗ്രത പുലർത്തിയിരുന്നു. ഒരിക്കൽ അബ്ദുല്ലാഹിബ്നു മസ്ഊദി(റ)നോട് തിരുമേനി (സ) ഖുർആൻ പാരായണം ചെയ്യാൻ ആവശ്യപ്പെട്ടു. 'ഓരോ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ നാം കൊണ്ടുവരും. അവർക്കുമേൽ സാക്ഷിയായി നിന്നെയും കൊണ്ടുവരും. എന്തായിരിക്കും അപ്പോഴത്തെ അവസ്ഥ' എന്ന വചനം പാരായണം ചെയ്തപ്പോൾ 'അൽപം നിർത്തൂ' എന്ന് നബി പറഞ്ഞു. പാരായണം നിർത്തി അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) നബി(സ)യെ നോക്കി. അവിടുത്തെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. അല്ലാഹു തന്നെയേൽപ്പിച്ച കർത്തവ്യത്തെ കുറിച്ച് നാളെ പരലോകത്ത് ചോദ്യം ചെയ്യപ്പെടാനിരിക്കെ താൻ ആ കർത്തവ്യം ഭംഗിയായി നിർവഹിച്ചോ എന്ന ആശങ്കയായിരുന്നു നബി(സ)ക്ക്. പ്രബോധന മേഖലയിൽ യാതൊരു വിട്ടുവീഴ്ചക്കും തയാറല്ലായിരുന്ന തിരുമേനി(സ) ആ വചനം കേട്ട മാത്രയിൽ ഇത്രയേറെ ആകുലപ്പെട്ടെങ്കിൽ, തെറ്റുകുറ്റങ്ങളും വീഴ്ചകളും സംഭവിച്ചുകൊണ്ടിരിക്കുന്ന നാം എത്രയധികം വ്യാകുലപ്പെടണം!

മുൻഗാമികളുടെ ചരിത്രം പരിശോധിച്ചാൽ അവർ അല്ലാഹുവിന്റെ ആജ്ഞകൾ നിറവേറ്റുന്നതിൽ കാണിച്ച ജാഗ്രതയും പ്രാധാന്യവും മനസ്സിലാക്കാം. ഏത് അവസ്ഥയിലും അവർ തങ്ങളുടെ ദീനിനെ മുറുകെ പിടിക്കുകയും സത്യദീനിലേക്ക് ആളുകളെ ക്ഷണിക്കുകയും ചെയ്തു. ഇമാം ഇബ്നു തൈമിയ്യ(റ) ജയിലിലിടക്കപ്പെട്ടു. എല്ലാ വെള്ളിയാഴ്ചയും അദ്ദേഹം ബാങ്ക് കേൾക്കുമ്പോൾ പ്രധാന കവാടത്തിന് അരികെ ഓടിച്ചെല്ലും. എന്നിട്ട് അവിടെ മുസ്വല്ല വിരിച്ച് നമസ്കരിക്കും. ഇതിനെക്കുറിച്ച് അദ്ദേഹത്തോട് ചോദിച്ചപ്പോൾ മറുപടി ഇങ്ങനെയായിരുന്നു: 'വെള്ളിയാഴ്ച ബാങ്ക് കേട്ടാൽ പള്ളിയിലേക്ക് ഓടിച്ചെല്ലണമെന്ന് അല്ലാഹു എന്നോട് കൽപിച്ചിരിക്കുന്നു. അതിനാൽ എനിക്ക് സാധ്യമാകുന്ന സ്ഥലം വരെ ഞാൻ ഓടിയതാണ്.' ഈയൊരു ജാഗ്രത അല്ലാഹുവിന്റെ നിർദേശങ്ങൾ നടപ്പാക്കുന്നതിലും സത്യദീൻ പ്രചരിപ്പിക്കുന്നതിലും നമുക്ക് ഉണ്ടാവണം.

ദഅ്‌വത്ത് ഓരോ മുസ്‌ലിമും നിർവഹിക്കേണ്ട നിർബന്ധ കർമമാണ്. അത് പണ്ഡിതരിലോ ഏതെങ്കിലും സംഘടനകളിലോ പരിമിതപ്പെടുന്നില്ല. പാണ്ഡിത്യവും മറ്റും ദഅ്‌വത്ത് ഫലപ്രാപ്തിയിലെത്താൻ സഹായിക്കുമെന്നു മാത്രം. ദഅ്‌വത്ത് എന്ന ബാധ്യത നിർവഹിക്കാൻ പണ്ഡിതനാവുക ഉപാധിയല്ല. നബി (സ) പറഞ്ഞു: 'നിങ്ങൾ മുഖേന ഒരാൾ സത്യം കണ്ടെത്തുന്നത് നിങ്ങൾക്ക് ഈ ലോകവും അതിൽ ഉള്ളതുമെല്ലാം ലഭിക്കുന്നതിനേക്കാൾ ഉത്തമമാണ്.' സ്വന്തം ജീവിതം കൊണ്ടാണ് ഓരോരുത്തരും പ്രബോധനം നടത്തേണ്ടത്. നമ്മുടെ ഉത്തരവാദിത്തങ്ങൾ മറന്നുകൊണ്ടാണ് നാം കൂടുതൽ സമയവും ചെലവഴിക്കുന്നത്. മുസ്‌ലിം എന്നാൽ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നവനാണ്. പലപ്പോഴും ഇസ്‌ലാമിന്റെ ആശയാദർശങ്ങൾ പഠിച്ചു മനസ്സിലാക്കി ഇസ്‌ലാമിലേക്ക് വരുന്നതിനേക്കാൾ ഇസ്‌ലാമിക വ്യക്തിത്വം കണ്ടിട്ടാണ് ആളുകൾ ഇസ്‌ലാമിലേക്ക് കടന്നുവരുന്നത്. മുസ്‌ലിമായ നമ്മെ വീക്ഷിക്കുന്ന കണ്ണുകളും ഹൃദയങ്ങളും നമുക്കു ചുറ്റും ധാരാളമുണ്ട്. മുസ്‌ലിം ഇടപെടുന്ന മേഖലകളെ സദാ വീക്ഷിക്കുന്നവരും ഉണ്ട്. മുസ്‌ലിംകൾ അവരുടെ സകല മേഖലകളിലും പ്രബോധകരാണ്. കച്ചവടത്തിലും അധ്യാപനത്തിലും സോഷ്യൽ വർക്കുകളിലും മറ്റും മറ്റും ഇസ്‌ലാമിനെ കൈക്കൊള്ളുകയും അതിനനുസരിച്ച് ജീവിക്കുകയും വേണം. എങ്കിൽ നമ്മുടെ ജീവിതവും നമ്മളോരോരുത്തരും മുസ്‌ലിമും പ്രബോധകരും ആയിത്തീരും. ഈ സന്ദേശം എത്തിക്കുന്നവരേക്കാൾ അതിനെ ഏറ്റുവാങ്ങുന്നവരായിരിക്കാം അത് കൂടുതലായി ഉൾക്കൊണ്ട് അതിന്റെ ഏറ്റവും ശക്തരായ പ്രചാരകരായി മാറുക എന്ന നബിയുടെ ശുഭചിന്തയും പ്രബോധകർക്ക് പ്രചോദനമാകേണ്ടതാണ്. ●